1. 'ക്വിറ്റിന്ത്യാ സമര നായിക' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെയാണ് ?
   (A) കസ്തൂർബാ ഗാന്ധി
   (B) ക്യാപ്റ്റൻ ലക്ഷ്മി
   (C) സരോജിനി നായിഡു
   (D) അരുണാ ആസഫലി

2. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ 'ഗാന്ധി യുഗം' എന്നറിയപ്പെടുന്നത് :
   (A) 1919 മുതൽ 1947 വരെ
   (B) 1935 മുതൽ 1942 വരെ
   (C) 1930 മുതൽ 1947 വരെ
   (D) 1942 മുതൽ 1947 വരെ

3. ഗാന്ധിജി ആദ്യമായി കേരളത്തിൽ വന്നത് എന്ത് ആവശ്യത്തിനാണ് ?
   (A) വൈക്കം സത്യാഗ്രഹത്തിന് പരിഹാരം കാണുന്നതിന്
   (B) ഖിലാഫത്ത് സമരത്തിന്റെ പ്രചരണാർത്ഥം
   (C) ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ പശ്ചാത്തലത്തിൽ
   (D) ഹരിജന ഫണ്ട് പിരിക്കുന്നതിന്

4. ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം :
   (A) മധ്യ പ്രദേശ്
   (B) ആന്ധ്ര പ്രദേശ്
   (C) ഉത്തർ പ്രദേശ്
   (D) കേരളം

5. 1961-ൽ ഇന്ത്യൻ യൂണിയനിൽ ചേരുന്നതിന് മുമ്പ് ഗോവ ഏത് വിദേശ രാജ്യത്തിന്റെ കീഴിലായിരുന്നു ?
   (A) ബ്രിട്ടൻ
   (B) പോർച്ചുഗൽ
   (C) ഫ്രാൻസ്
   (D) നെതർലാന്റ്

6. ദേശീയ തലസ്ഥാന പ്രദേശമേത് ?
   (A) തിരുവനന്തപുരം
   (B) ചണ്ഡിഗഢ്
   (C) ഡൽഹി
   (D) കൊൽക്കത്ത

7. ഇന്ത്യ-ചൈന യുദ്ധം നടന്ന വർഷം :
   (A) 1962
   (B) 1965
   (C) 1971
   (D) 1956

10
10
10

8

8. ഗാന്ധിജി നിസ്സഹകരണ സമരം നിർത്തി വെക്കാൻ കാരണം :
(A) ജാലിയൻവാലാബാഗ് സംഭവം (B) മലബാർ കലാപം
(C) ചൗരി ചൗരാ സംഭവം (D) രണ്ടാം ലോക യുദ്ധം

9. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധ ജല തടാകം :
(A) അഷ്ടമുടി (B) വേമ്പനാട് (C) പൂക്കോട് (D) ശാസ്താം കോട്ട

10. കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയേത് ?
(A) വയനാട് (B) കാസർക്കോട് (C) ആലപ്പുഴ (D) പത്തനംതിട്ട

11. കടൽത്തീരമില്ലാത്ത ജില്ലയേത് ?
(A) തിരുവനന്തപുരം (B) കണ്ണൂർ
(C) കോട്ടയം (D) കൊല്ലം

12. കേരളത്തിൽ അവസാനം രൂപീകരിച്ച കോർപറേഷൻ :
(A) കോഴിക്കോട് (B) തൃശൂർ (C) മലപ്പുറം (D) കണ്ണൂർ

SEAL

13. കേരളത്തിലെ ഏക സിംഹ സഫാരി പാർക്ക് എവിടെയാണ് ?
(A) നെയ്യാർ (B) ഇരവികുളം (C) തേക്കടി (D) ആറളം

14. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നത് :
(A) ഇടുക്കി (B) കുറ്റ്യാടി (C) കഞ്ചിക്കോട് (D) മാങ്കുളം

15. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയേത് ?
(A) ഭാരതപ്പുഴ (B) പമ്പ (C) ചന്ദ്രഗിരി (D) പെരിയാർ

16. ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യത്തെ കേരളീയ വനിതയാര് ?
(A) എം.ഡി. വൽസമ്മ (B) ഷൈനി വിൽസൺ
(C) പി.ടി. ഉഷ (D) അഞ്ജുബോബി ജോർജ്

17. കേരളത്തിലെ പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രം :
(A) നീണ്ടകര (B) മട്ടാഞ്ചേരി (C) അഴീക്കൽ (D) ആലുവ

18. ക്രിസ്തുമത വിശ്വാസികൾ ഏറ്റവുമധികമുള്ള സംസ്ഥാനമേത് ?

(A) നാഗാലാന്റ് (B) കേരളം (C) തമിഴ്നാട് (D) ഗോവ

19. സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്കായി 'സമത്വ സമാജം' എന്ന സംഘടന സ്ഥാപിച്ചതാര് ?

(A) ശ്രീനാരായണഗുരു (B) ചട്ടമ്പി സ്വാമികൾ

(C) അയ്യങ്കാളി (D) വൈകുണ്ഠ സ്വാമികൾ

20. താഴെ പറയുന്നവയിൽ വക്കം മൗലവിയുമായി ബന്ധമില്ലാത്ത പ്രസിദ്ധീകരണമേത് ?

(A) അൽ ഇസ്ലാം (B) മുസ്ലിം (C) അൽ അമീൻ (D) സ്വദേശാഭിമാനി

21. കേരളത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി നടന്ന ആദ്യത്തെ സംഘടിത കലാപം :

(A) അഞ്ചുതെങ്ങ് കലാപം (B) കുറിച്യ കലാപം

(C) മലബാർ കലാപം (D) ആറ്റിങ്ങൽ കലാപം

22. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം എഴുതിയതാര് ?

(A) വാഗ്ഭടാനന്ദൻ (B) വി.ടി. ഭട്ടതിരിപ്പാട്

(C) എം.എൻ. ഭട്ടതിരിപ്പാട് (D) പ്രേംജി

23. താഴെ പറയുന്നവയിൽ ശ്രീനാരായണ ഗുരുവുമായി ബന്ധമില്ലാത്തത് :

(A) ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

(B) വേല ചെയ്താൽ കൂലി കിട്ടണം

(C) മതമേതായാലും മനുഷ്യൻ നന്നായാൽ മതി

(D) വിദ്യ കൊണ്ട് പ്രബുദ്ധരാവുക

24. ചട്ടമ്പി സ്വാമികൾ രചിച്ച കൃതി ഏത് ?

(A) ആത്മോപദേശ ശതകം (B) ദൈവ ദശകം

(C) ദർശനമാല (D) പ്രാചീന മലയാളം

25. കുമാര ഗുരുദേവന്റെ ജന്മ സ്ഥലം :

(A) ഇരവി പേരൂർ (B) ചെമ്പഴന്തി (C) കാലടി (D) അരുവിപ്പുറം

10
10
10

26. വൈക്കം സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിച്ച് 'സവർണ ജാഥ' സംഘടിപ്പിച്ചതാര് ?
(A) ടി.കെ. മാധവൻ
(B) എ.കെ. ഗോപാലൻ
(C) കെ. കേളപ്പൻ
(D) മന്നത്ത് പത്മനാഭൻ

27. അയ്യങ്കാളി സ്ഥാപിച്ച സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം :
(A) ആത്മ വിദ്യാസംഘം
(B) എസ്.എൻ.ഡി.പി. യോഗം
(C) സാധുജന പരിപാലന സംഘം
(D) പ്രത്യക്ഷ രക്ഷാ ദൈവ സഭ

28. കേരള സംസ്ഥാനം രൂപീകരിച്ച വർഷമേത് ?
(A) 1947 (B) 1959 (C) 1949 (D) 1956

29. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം ?
(A) കണ്ണ് (B) ത്വക്ക് (C) ചെവി (D) നാക്ക്

30. ഡെങ്കിപനി പരത്തുന്ന ജീവി :
(A) ക്യൂലെക്സ് (B) ഈഡിസ് (C) ഈച്ച (D) അനോഫിലസ്

31. ഹീമോഗ്ലോബിനിൽ അടങ്ങിയിരിക്കുന്ന ലോഹം :
(A) ഇരുമ്പ് (B) മഗ്നീഷ്യം (C) സിങ്ക് (D) അയഡിൻ

32. സൂര്യപ്രകാശത്തിൽ നിന്നും ലഭിക്കുന്ന ജീവകം :
(A) ജീവകം എ (B) ജീവകം സി (C) ജീവകം ഡി (D) ജീവകം ബി

33. ജലദോഷത്തിന് കാരണമായ രോഗകാരി :
(A) ബാക്ടീരിയ (B) ഫംഗസ് (C) വൈറസ് (D) പ്രോട്ടോസോവ

34. DOTS ഏത് രോഗത്തിന്റെ ചികിൽസയുമായി ബന്ധപ്പെട്ടതാണ് ?
(A) കുഷ്ഠം (B) ക്ഷയം (C) എയിഡ്സ് (D) മഞ്ഞപ്പിത്തം

35. അരിയിൽ അടങ്ങിയിരിക്കുന്ന പോഷകഘടകം :
(A) മാംസ്യം (B) കൊഴുപ്പ് (C) ജീവകം (D) അന്നജം

36. പെരിയാർ വന്യജീവിസങ്കേതം ഏത് ജില്ലയിലാണ് ?

(A) തിരുവനന്തപുരം (B) കൊല്ലം

(C) പാലക്കാട് (D) ഇടുക്കി

37. കേരളത്തിലെ തെങ്ങ്ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്ന ജില്ല :

(A) ആലപ്പുഴ (B) കൊല്ലം (C) തൃശൂർ (D) കോട്ടയം

38. ആഗോളതാപനത്തിന് കാരണമായ വാതകം :

(A) നൈട്രജൻ (B) കാർബൺ ഡൈ ഓക്സൈഡ്

(C) ഹൈഡ്രജൻ (D) ഓക്സിജൻ

39. ന്യൂക്ലിയസിനു ചുറ്റും ഇലക്ട്രോണുകൾ സഞ്ചരിക്കുന്നത് ഷെല്ലുകളിലാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ :

(A) റുഥർഫോർഡ് (B) മാക്സ്വെൽ (C) നീൽസ്ബോർ (D) ചാഡ്വിക്

40. 'ബോക്സൈറ്റ്' ഏത് ലോഹത്തിന്റെ അയിരാണ് ?

(A) ഇരുമ്പ് (B) അലൂമിനിയം (C) ചെമ്പ് (D) കോപ്പർ

41. മെൻഡലിയേവ് പിരിയോഡിക് ടേബിളിൽ മൂലകങ്ങളെ അവയുടെ ഏത് ഗുണത്തിന്റെ അടിസ്ഥാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത് ?

(A) അറ്റോമിക മാസ് (B) അറ്റോമിക വ്യാപ്തം

(C) അറ്റോമിക നമ്പർ (D) അറ്റോമിക ഊർജ്ജം

42. ഇടിമിന്നലുണ്ടാകുമ്പോൾ അന്തരീക്ഷത്തിലുണ്ടാകുന്ന നൈട്രജൻ സംയുക്തം :

(A) $NO_2$ (B) NO (C) $N_2O_3$ (D) $N_2O_5$

43. കലോറികമൂല്യം ഏറ്റവും കൂടിയ ഇന്ധനം :

(A) LPG (B) മീതെയ്ൻ (C) ഹൈഡ്രജൻ (D) പെട്രോൾ

44. താഴെ കൊടുത്തവയിൽ പ്രവൃത്തിയുടെ യൂണിറ്റ് :

(A) വാട്ട് (B) ന്യൂട്ടൺ (C) ഡൈൻ (D) ജൂൾ

45. പ്രഷർകുക്കറിൽ ജലം തിളയ്ക്കുന്ന ഊഷ്മാവ് :

(A) 120°C (B) 37°C (C) 100°C (D) 80°C

46. ഒരു ചുവന്ന വസ്തുവിനെ നീല ഗ്ലാസ്സിലൂടെ നോക്കിയാൽ കാണുന്ന വസ്തുവിന്റെ നിറം ?

(A) വെള്ള (B) ചുവപ്പ് (C) കറുപ്പ് (D) നീല

47. കള്ളനോട്ട് തിരിച്ചറിയുവാൻ വേണ്ടി ഉപയോഗിക്കുന്ന കിരണം :

(A) ഇൻഫ്രാറെഡ് (B) റേഡിയോ കിരണം

(C) അൾട്രാവയലറ്റ് (D) X-ray

48. പാലായന പ്രവേഗം ഏറ്റവും കൂടിയ ഗ്രഹം :

(A) ഭൂമി (B) ബുധൻ (C) ചൊവ്വ (D) വ്യാഴം

49. 10840 മുതൽ 10871 വരെയുള്ള തുടർച്ചയായ എണ്ണൽ സംഖ്യകളിൽ ആകെ എത്രസംഖ്യകളുണ്ട് ?

(A) 31 (B) 32 (C) 30 (D) 29

50. $1\frac{3}{4} + 2\frac{1}{2} + 5\frac{1}{4} - 3\frac{1}{2} =$ ___________.

(A) $6\frac{1}{4}$ (B) 6 (C) $6\frac{3}{4}$ (D) $6\frac{1}{2}$

51. മീനു തന്റെ യാത്രയുടെ $\frac{3}{4}$ ഭാഗം ബസ്സിലും ബാക്കിയുള്ള 5 കി.മീ. ഓട്ടോയിലുമാണ് സഞ്ചരിച്ചത്. എങ്കിൽ മീനു ആകെ എത്ര കിലോമീറ്റർ യാത്ര ചെയ്തു ?

(A) 20 (B) 25 (C) 15 (D) 30

52. ഒറ്റയാനെ കണ്ടെത്തുക.

2, 6, 7, 11

(A) 11 (B) 7 (C) 2 (D) 6

53. ഒരു കടയിൽ സോപ്പുകൾ അടുക്കി വച്ചിരിക്കുന്നത്, ഏറ്റവും താഴത്തെ വരിയിൽ 20, അതിനുമുകളിൽ 18, അതിനു മുകളിൽ 16 എന്ന ക്രമത്തിലാണ്. ഏറ്റവും മുകളിലത്തെ വരിയിൽ 2 സോപ്പുമാത്രമാണെങ്കിൽ ആകെ എത്ര വരിയുണ്ട് ?

(A) 9 (B) 8 (C) 10 (D) 11

54. ശ്രേണിയിലെ അടുത്തസംഖ്യ ഏത് ?

1, 3, 7, 15, ______.

(A) 33 (B) 27 (C) 29 (D) 31

55. അനുവിന്റെ അച്ഛന്റെ വയസ്സ് അനുവിന്റെ വയസ്സിന്റെ നാലുമടങ്ങാണ്. അനുവിന്റെ വയസ്സിന്റെ മൂന്നിലൊന്നാണ് അനുവിന്റെ അനിയത്തിയുടെ പ്രായം. അനിയത്തിക്ക് മൂന്ന് വയസ്സാണെങ്കിൽ അനുവിന്റെ അച്ഛന്റെ വയസ്സെത്ര ?

(A) 36 (B) 40 (C) 48 (D) 42

56. 1, 4, 9, 16 എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

(A) 27 (B) 29 (C) 25 (D) 23

57. കൂട്ടത്തിൽ പെടാത്തത് ഏത് ?

(A) ത്രികോണം (B) വൃത്തം (C) ചതുരം (D) സമചതുരം

58. ആദ്യത്തെ 7 ഒറ്റ സംഖ്യകളുടെ ശരാശരി എന്ത് ?

(A) 5 (B) 9 (C) 7.3 (D) 7

59. 60 കി.മീ/മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്ന ഒരു കാർ 5 മണിക്കൂർ കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

(A) 12 കി.മീ. (B) 65 കി.മീ. (C) 300 കി.മീ. (D) 150 കി.മീ.

60. $901 \times 15$, $89 \times 15$, $10 \times 15$ ഇവ ഗുണിച്ച് കൂട്ടുന്നത് ______ $\times 15$ -ന് തുല്യമാണ്.

(A) 1000 (B) 100 (C) 500 (D) 1500

61. ഏറ്റവും വലിയ മൂന്നക്ക ഒറ്റ സംഖ്യയും ഏറ്റവും ചെറിയ നാലക്ക ഇരട്ട സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര ?

(A) 2 (B) 3 (C) 4 (D) 1

62. ഒരാൾ നടക്കാനിറങ്ങിയാൽ ആകെ ഒരു കിലോമീറ്റർ നടക്കും. ഓരോ 100 മീറ്റർ നടന്നാൽ ഇടത്തോട്ട് തിരിഞ്ഞ് നടക്കും. ആദ്യത്തെ 100 മീറ്റർ നടന്നത് കിഴക്ക് ദിശയിലാണ്. നടക്കേണ്ടത്

(A) വടക്ക് ദിശയിൽ
(B) കിഴക്ക് ദിശയിൽ
(C) തെക്ക് ദിശയിൽ
(D) പടിഞ്ഞാറ് ദിശയിൽ

63. 200 രൂപയ്ക്ക് വാങ്ങിയ ഒരു സാധനം 250 രൂപയ്ക്ക് വിറ്റാൽ ലാഭ ശതമാനം എത്ര ?

(A) 15 (B) 20 (C) $22\frac{1}{2}$ (D) 25

64. 0.35 എന്ന ദശാംശ സംഖ്യയുടെ ഭിന്ന സംഖ്യാ രൂപം ഏത് ?

(A) $\frac{35}{10}$ (B) $\frac{20}{7}$ (C) $\frac{7}{20}$ (D) $\frac{10}{35}$

65. ഒരു സൈക്കിൾ ചക്രം 10 പ്രാവശ്യം കറങ്ങുമ്പോൾ 32 മീറ്റർ ദൂരം സഞ്ചരിക്കുന്നു. എങ്കിൽ 4 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിന് എത്ര പ്രാവശ്യം കറങ്ങേണ്ടിവരും?

(A) 125 (B) 250 (C) 1250 (D) 2500

66. $2+16\div2\times4-5$ എത്ര ?

(A) 31 (B) 29 (C) $\frac{-11}{4}$ (D) $-6$

67. ZBA, YCB, XDC, ______ ഇവിടെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

(A) WDE (B) WED (C) WDF (D) WFD

68. തീയതി : കലണ്ടർ; സമയം : ________.

(A) ക്ലോക്ക് (B) മിനിറ്റ് (C) ദിവസം (D) മണിക്കൂർ

69. ഭക്ഷ്യ സുരക്ഷാ നിയമം ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച വർഷമേത് ?

(A) 2012 (B) 2013 (C) 2014 (D) 2015

70. 2016 -ൽ സന്തോഷ് ട്രോഫി ഫുട്ബോൾ കിരീടം നേടിയ ടീം ഏത് ?

(A) കേരളം (B) ബംഗാൾ (C) സർവീസസ് (D) റെയിൽവെ

71. ദേശീയ ശാസ്ത്രദിനം :

(A) ഫിബ്രവരി 28 (B) മെയ് 1 (C) ജൂൺ 5 (D) സെപ്റ്റംബർ 5

72. പതിനാലാം കേരള നിയമസഭാ സ്പീക്കർ :

(A) എൻ. ശക്തൻ (B) പി. ശ്രീരാമകൃഷ്ണൻ

(C) ജി. കാർത്തികേയൻ (D) കെ. രാധാകൃഷ്ണൻ

73. അഞ്ഞൂറിന്റെയും ആയിരത്തിന്റെയും കറൻസി നോട്ടുകൾ കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചതെപ്പോൾ ?

(A) 2016 നവംബർ 8 (B) 2016 ഡിസംബർ 8

(C) 2016 നവംബർ 18 (D) 2016 ഡിസംബർ 18

74. മലയാളം സർവ കലാശാല സ്ഥിതി ചെയ്യുന്നത് എവിടെ ?

(A) തൃശൂർ (B) തിരുവനന്തപുരം

(C) ഉള്ളൂർ (D) തിരൂർ

75. കേരളത്തിലെ ഭരണ പരിഷ്കരണ കമ്മിറ്റി ചെയർമാനായി നിയമിതനായത് ആര് ?

(A) വി.എസ്. അച്യുതാനന്ദൻ (B) ഉമ്മൻ ചാണ്ടി

(C) ഇ.പി. ജയരാജൻ (D) പിണറായി വിജയൻ

76. ഐക്യ രാഷ്ട്ര സംഘടന അന്താരാഷ്ട്ര പയർ വർഷം ആചരിച്ചത് :

(A) 2013 (B) 2014 (C) 2015 (D) 2016

77. 2016 -ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്ക് ?

(A) എസ്. ജോസഫ് (B) സി. രാധാകൃഷ്ണൻ

(C) ഡോ. എ. അച്യുതൻ (D) എം. ശിവ പ്രസാദ്

78. റിയോ ഒളിമ്പിക്സിൽ ഏത് ഇനത്തിലാണ് ഇന്ത്യൻ താരം പി.വി. സിന്ധു വെള്ളി മെഡൽ നേടിയത് ?

(A) ഗുസ്തി (B) ഷൂട്ടിംഗ് (C) ബാഡ്മിന്റൺ (D) നീന്തൽ

79. താഴെ പറയുന്നവയിൽ ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദിയേത് ?
(A) സിന്ധു (B) നർമ്മദ (C) മഹാനദി (D) കാവേരി

80. ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ ഭാഗമേത് ?
(A) മൗണ്ട് K2 (B) കാഞ്ചൻജംഗ (C) ആനമുടി (D) നന്ദാദേവി

81. രാജസ്ഥാൻ മരുഭൂമിയിൽ കാണപ്പെടുന്ന മൃഗം :
(A) ആന (B) സിംഹം (C) കടുവ (D) ഒട്ടകം

82. പരുത്തി കൃഷിക്ക് അനുയോജ്യമായ മണ്ണ് :
(A) എക്കൽ മണ്ണ് (B) കറുത്ത മണ്ണ് (C) ചെമ്മണ്ണ് (D) ലാറ്ററൈറ്റ് മണ്ണ്

83. ഇന്ത്യയിൽ ഉഷ്ണകാലം അനുഭവപ്പെടുന്നത് :
(A) മാർച്ച് മുതൽ മെയ് വരെ
(B) ജൂൺ മുതൽ സെപ്റ്റംബർ വരെ
(C) ഡിസംബർ മുതൽ ഫിബ്രവരി വരെ
(D) ഒക്ടോബർ മുതൽ നവംബർ വരെ

84. ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപുഞ്ചി ഏത് സംസ്ഥാനത്താണ് ?
(A) നാഗാലാന്റ് (B) ആസാം (C) മേഘാലയ (D) മണിപ്പൂർ

85. ലക്ഷദ്വീപ് സമൂഹത്തിലെ ദ്വീപുകളുടെ എണ്ണം :
(A) 24 (B) 36 (C) 30 (D) 10

86. ഇന്ത്യയുടെ വടക്കെ അറ്റത്തുള്ള സംസ്ഥാനമേത് ?
(A) തമിഴ്നാട് (B) ഗുജറാത്ത്
(C) ജമ്മു കാശ്മീർ (D) അരുണാചൽ പ്രദേശ്

87. ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ പൊതുമേഖലാ ബാങ്ക് ഏത് ?
(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. (B) ഇന്ത്യൻ ബാങ്ക്
(C) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (D) കാനറാ ബാങ്ക്

88. ഇന്ത്യയിൽ മെട്രോ റെയിൽ ആദ്യമായി ആരംഭിച്ചത് എവിടെ ?

(A) ഡൽഹി (B) ബാംഗ്ലൂർ (C) കൊച്ചി (D) കൊൽക്കത്ത

89. നമ്മുടെ ദേശീയ ഗീതമായ 'വന്ദേമാതരം' എഴുതിയതാര് ?

(A) രവീന്ദ്രനാഥ ടാഗോർ (B) മുഹമ്മദ് ഇഖ്ബാൽ

(C) സുബ്രഹ്മണ്യ ഭാരതി (D) ബങ്കിം ചന്ദ്ര ചാറ്റർജി

90. റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നത് :

(A) ആഗസ്ത് 15 (B) ജനുവരി 26 (C) ഒക്ടോബർ 2 (D) ജനുവരി 30

91. രാജ്യസഭയുടെ അദ്ധ്യക്ഷനാര് ?

(A) രാഷ്ട്രപതി (B) ഉപരാഷ്ട്രപതി

(C) പ്രധാനമന്ത്രി (D) സ്പീക്കർ

92. ഇന്ത്യൻ ഭരണഘടനയുടെ ശിൽപി ആര് ?

(A) ഡോ. ബി.ആർ. അംബേദ്കർ (B) ഗാന്ധിജി

(C) ഡോ. രാജേന്ദ്രപ്രസാദ് (D) ജവഹർലാൽ നെഹ്റു

93. നമ്മുടെ ദേശീയ മൃഗം :

(A) ആന (B) സിംഹം (C) ഒട്ടകം (D) കടുവ

94. ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളിൽ പെടാത്തത് ?

(A) സമത്വത്തിനുള്ള അവകാശം

(B) സ്വത്ത് സമ്പാദിക്കാനുള്ള അവകാശം

(C) സ്വാതന്ത്ര്യത്തിനുള്ള അവകാശം

(D) ചൂഷണത്തിനെതിരായുള്ള അവകാശം

95. വിവരാവകാശ നിയമം നിലവിൽ വന്നതെപ്പോൾ ?

(A) 2005 (B) 2010 (C) 2009 (D) 2006

96. നമ്മുടെ ദേശീയ പതാകയുടെ മുകളിലത്തെ നിറം :

(A) പച്ച (B) വെള്ളപ്പ് (C) ചുവപ്പ് (D) കുങ്കുമം

97. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ :
(A) ജസ്റ്റിസ് എച്ച്.എൽ. ദത്തു
(B) ജസ്റ്റിസ് അൽത്തമാസ് കബീർ
(C) ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ
(D) ജസ്റ്റിസ് പി. സദാശിവം

98. നമ്മുടെ ദേശീയ ഗാനം ആലപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം :
(A) 56 സെക്കന്റ്
(B) ഒരു മിനിട്ട്
(C) 52 സെക്കന്റ്
(D) 50 സെക്കന്റ്

99. ഗാന്ധിജി ഇന്ത്യയിൽ നേതൃത്വം നൽകിയ ആദ്യത്തെ സമരം :
(A) ചമ്പാരൻ സമരം
(B) ഖേഡ സമരം
(C) ഉപ്പ് സത്യാഗ്രഹം
(D) അഹമ്മദാബാദ് സമരം

100. 'ജയ്ഹിന്ദ്' എന്ന മുദ്രാവാക്യം ആരുടെ സംഭാവനയാണ് ?
(A) മഹാത്മാഗാന്ധി
(B) ജവഹർലാൽ നെഹ്റു
(C) സുഭാഷ് ചന്ദ്രബോസ്
(D) മൗലാനാ മുഹമ്മദലി

- o 0 o -